പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *179 10/03/2020-ൽ മറുപടിക്ക്

## തീരദേശ കപ്പൽ ഗതാഗത പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി.എസ്. ശിവകുമാർ,<br>ശ്രീ. എം. വിൻസെന്റ്,<br>ശ്രീ. ടി.ജെ. വിനോദ്,<br>ശ്രീമതി.ഷാനിമോൾ ഉസ്മാൻ | | രാമചന്ദ്രൻ കടന്നപ്പള്ളി<br>(തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി) |
| (എ) | തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി സംസ്ഥാന തീരത്തെ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് യാത്രാക്കപ്പൽ സർവ്വീസ് ആരംഭിക്കുമെന്ന പ്രഖ്യാപനം നടത്തിയിരുന്നോ; | (എ) യും<br>(ബി) യും<br>(സി) യും | തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് അതിവേഗ യാത്രാകപ്പൽ സർവ്വീസ് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിലവിലെ തുറമുഖങ്ങളിൽ/വാർഫുകളിൽ ലഭ്യമായ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് പ്രസ്തുത സർവ്വീസ് ആരംഭിക്കാൻ തീരുമാനിച്ചിരുന്നത്. ഇതിനു വേണ്ടി ഒരു സ്വകാര്യ പങ്കാളി കപ്പൽ വാങ്ങുകയും ആവശ്യമായ രജിസ്ട്രേഷൻ അനുമതികൾ പൂർത്തിയാക്കുന്നതിനുവേണ്ടി കാത്തിരിക്കുകയുമാണ്. |
| (ബി) | എങ്കിൽ പ്രസ്തുത പ്രഖ്യാപനം ഇതിനകം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | | |
| (സി) | ഈ പദ്ധതിക്കായി ഏതൊക്കെ സ്ഥലങ്ങളെ ബന്ധിപ്പിച്ച് യാത്രാക്കപ്പൽ സർവ്വീസ് ആരംഭിക്കുമെന്നാണ് തീരുമാനിച്ചിരുന്നത്; അതിനായി എന്തൊക്കെ സൗകര്യങ്ങളാണ് പ്രസ്തുത സ്ഥലങ്ങളിൽ ഇതിനകം നടപ്പിലാക്കിയത്; വിശദാംശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ